# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3142 — 10.05.2017 — ൽ മറുപടിക്ക്

## രണ്ട് രൂപ നിരക്കിൽ അരി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എ.പി.എൽ., ബി.പി.എൽ വിഭാഗത്തിൽപ്പെട്ട മുഴുവൻ പേരുടെയും സ്ഥിതി വിവര കണക്കുകൾ, 2014-ൽ സർക്കാർ തയ്യാറാക്കിയ കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി സർക്കാർ നിർദ്ദേശിച്ചിരുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷയിൽ വിവരങ്ങൾ രേഖപ്പെടുത്തി സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ 01.01.2015 മുതൽ 18.01.2015 വരെ സ്വീകരിച്ചിരുന്നു. |
| (ബി) | രണ്ട് രൂപ നിരക്കിൽ അരി നൽകാനുള്ള പട്ടികയിൽ നിന്ന് ദരിദ്രർ പുറത്തായപ്പോൾ പത്തേക്കർ ഭൂമിയുള്ളവർ വരെ ഉൾപ്പെട്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അർഹതപ്പെട്ടവർ ഒഴിവായതായിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിച്ചു വരികയാണ്. |
| (സി) | ഇക്കാര്യത്തിൽ വീഴ്ച വന്ന സാഹചര്യത്തിൽ രണ്ട് രൂപ നിരക്കിൽ അരി നൽകാനുള്ള പട്ടിക മരവിപ്പിക്കുമോ; | (സി) യും (ഡി) യും | വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതിനകം ലഭിച്ച പരാതികളുടെയും ഡിപ്പാർട്ടുമെന്റൽ പരിശോധനയിലൂടെ ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിലുള്ള നടപടികൾ തുടരുകയാണ്. ഈ പ്രക്രിയയിലൂടെ അർഹതപ്പെട്ട മുഴുവൻ പേരെയും ഉൾപ്പെടുത്താൻ കഴിയുമെന്ന പ്രതീക്ഷയാണുള്ളത്. |
| (ഡി) | നാഷണൽ ഇൻഫോമാറ്റിക് സെന്ററും ഭക്ഷ്യ വകുപ്പും ആവശ്യത്തിന് മുൻകരുതലെടുക്കാതിരുന്നതാണ് പ്രസ്തുത വീഴ്ച സംഭവിക്കാൻ കാരണമായതെന്നത് പരിശോധിക്കുമോ; | | |

(ഇ) അപാകതകൾ പരിഹരിച്ച് പ്രസ്തുത പട്ടിക എന്നത്തേക്ക് പുനഃപ്രസിദ്ധീകരിക്കും; വിശദാംശം നൽകുമോ ?

(ഇ) റേഷൻകാർഡ് ഉടമകളെ മുൻഗണനാ/ മുൻഗണനേതര വിഭാഗമായി തിരിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള അർഹർ/അനർഹർ പട്ടിക ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസുകളിൽ നൽകി റേഷനിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ നേരിട്ട് പരിശോധന നടത്തി വരികയാണ്. പരിശോധനാ റിപ്പോർട്ട് ലഭ്യമായ ശേഷം റീ-റാങ്കിംഗ് നടത്തി അനർഹരെ ഒഴിവാക്കുകയും അർഹരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

*സെക്ഷൻ ഓഫീസർ*